# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5847 — 25/05/2017-ൽ മറുപടിക്ക്

**പതിനഞ്ച് ദിവസത്തിനകം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കർമ്മ പരിപാടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ<br>,, അടൂർ പ്രകാശ്<br>,, എം. വിൻസെന്റ് | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | അപേക്ഷ നൽകി പതിനഞ്ച് ദിവസത്തിനകം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടങ്ങൾ പ്രകാരം അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവീസ് കണക്ഷൻ ലഭിക്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിറുത്തി സർവീസ് കണക്ഷൻ കുടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി ലക്ഷ്യമിട്ടിട്ടുണ്ട്. ഇതനുസരിച്ച് പുതുതായി പോസ്റ്റോ ലൈനോ സ്ഥാപിക്കേണ്ടാത്ത LT കണക്ഷനുകൾ 2 പ്രവർത്തി ദിവസത്തിനുള്ളിലും, സപ്പോർട്ട് പോസ്റ്റ് / പോസ്റ്റ് ഇൻസർഷൻ വേണ്ട LT കണക്ഷനുകൾ 7 ദിവസത്തിനുള്ളിലും, ഓവർ ഹെഡ് ലൈൻ വലിക്കേണ്ട LT കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) & (സി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ ആണ്. പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ |
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | ചട്ടങ്ങളിൽ മാറ്റം വരുത്തണമെന്ന സർക്കാർ നൽകിയ നയപരമായ നിർദ്ദേശത്തിനനുസരിച്ച് കെ.എസ്.ഇ.ആർ.സി വരുത്തുകയും കെ.എസ്.ഇ.ബി അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സർവീസ് കണക്ഷൻ ലഭിക്കുന്നതിനും ഉടമസ്ഥാവകാശമാറ്റത്തിനുമുള്ള നടപടി ക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 100 ചതുരശ്ര മീറ്റർ വരെയുള്ള വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഉടമസ്ഥാവകാശ 'രേഖ ഒഴിവാക്കിക്കൊണ്ട് 06.10.2016 - നും (പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു).1500 ചതുരശ്ര അടിവരെയുള്ള വീടുകൾക്ക് താൽ ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാൻ 16.11.2016നും (പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു). സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും കെ.എസ്.ഇ.ബി അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

Bo m ao mo - 1

GOVERNMENT OF KERALA

<u>Abstract</u>

Power Department -- Sampoorna Vydyutheekaranam - Electricity Connection to residential structures of plinth area of 100sq meters and less without proof of Ownership/legal occupancy from the local body - Granted - Orders issued.

## POWER (B) DEPARTMENT

**G.O.(Ms)No. 22 /2016/PD Dated, Thiruvananthapuram, 06 /10/2016.**

Read:- 1. Letter DO No. 8/1/2014-APDRP(Vol V) dated 17-12-2014 of Ministry of Power, Govt of India.

2. Business Reform Action Plan, 2016 proposed by Ministry of Commerce [illegible]

[illegible] 03-2016 and 03-09-2016 of CE (C&T), KSEBL address to Addl. Chief Secretary, Power Department, GoK.

4. Govt.Lr.No.173/B3/16/PD dated 20/9/2016.

## ORDER

The State Government have declared its commitment to provide 24 x 7 Power for All Households in the State by March 2017. However, it has come to notice that several houses have not been able to obtain Door Numbers from the Grama Panchayat / Municipality /Corporation as there are issues regarding the legality of their holdings. Government regard the grant of electricity to all households as a basic necessity, and hold that the legality or otherwise of the holding or the house should not come in the way of grant of electricity connection to the common people of the State.

Government have already issued policy directions under Section 108 of the Electricity Act, 2003 as per the reference read as 4th paper above to the Kerala State Electricity Regulatory Commission to amend the Kerala Electricity Supply Code, 2014 to permit grant of electricity connection to residential structures of plinth area of 100 sq meters and less without proof of ownership / legal occupancy from the Local Body

subject to the proviso that electricity connection shall not be considered as proof of legality of the structure or the ownership or possession.

Since the process of amending the Kerala Electricity Supply Code, 2014 is likely to take time, and since Government are committed to grant electricity connection to all households positively by 15.3.2017, KSEB Ltd is hereby directed to grant of electricity connection to residential structures of plinth area of 100 sq meters and less without proof of ownership / legal occupancy from the Local Body subject to the proviso that electricity connection shall not be considered as proof of legality of the structure or the ownership or possession.

By Order of the Governor,

ADDITIONAL CHIEF SECRETARY

To

The Secretary, KSERC, Thiruvananthapuram.
The Chairman & Managing Director, KSEB Limited, Thiruvananthapuram.
The Secretary, KSEBL , Thiruvananthapuram.
The Director, Transmission & System Operation, KSEB Limited.
The Director, Distribution Safety & Electrical, KSEB Limited,Thiruvananthapuram.
The Principal Secretary Local Self Govt Department, Thiruvananthapuram.
The Accountant General (A&E), Thiruvananthapuram.
The Principal Accountant General (Audit), Thiruvananthapuram.
The Finance Department.
All District Collectors
The Director of Panchayaths.
The Director of Urban Affairs
Land Revenue Commissioner
The Information and Public Relations Department (Web and new media division).
The Power(A) (C) &(PS)Department.
Stock File/Office Copy.

Forwarded /By Order

Section Officer

സെക്ഷൻ ഓഫീസർ

Bo ണ്ടമനം - 2

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- അനധികൃത നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങളും, നിയമങ്ങളും ലംഘിക്കപ്പെട്ടന്ന 100 സ്ക്വയർ മീറ്റർ വരെയുള്ളവസ്തു വകരം 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു/എ. നമ്പർ നൽകി താൽകാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും, വസ്തു നികുതി ഈടാക്കുന്നതിനും ഉള്ള അധികാരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ. എ) വകുപ്പ്

സ.ഉ (എം.എസ്) നം.170/2016/തസ്വഭവ തിരുവനന്തപുരം, തീയതി 16/11/2016.

പരാമർശം:- 1) 4-6-2012 ലെ സ.ഉ. (എം.എസ്) നമ്പർ 149/2012/തസ്വഭവ .

2 ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിയുടെ 19.09.2016 ലെ കത്ത്.

3) 27-09-2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം

## ഉത്തരവ്

കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിടനമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും ഇപ്പോൾ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടുള്ളതുമായ 100 സ്ക്വയർ മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് നിയമം 235 (എ.എ), 235 (ഡബ്ല്യു) കേരള മുനിസിപ്പാലിറ്റി 242, 406 എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി "താല്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്" നൽകുവാൻ അതാത് പഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) എന്നാൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിയുടെ പരാമർശം (2) ലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അനധികൃത കെട്ടിടങ്ങൾക്ക് യു/എ നമ്പരിട്ട് നികുതി ഈടാക്കുന്നതിൽ നിലവിലുള്ള ഉത്തരവ് പ്രകാരം 100 സ്ക്വയർ മീറ്റർ വരെയുള്ളവസ്തു വകരം 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു.എ. നമ്പർ നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും അതാത് പഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകി കൊണ്ട് ഉത്തരവാകുന്നു.

3) ഇപ്രകാരം നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർപട്ടികയിൽ പേര് ചേർക്കൽ എന്നീ സേവനങ്ങൾക്ക് വേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം യു.എ. നമ്പർ

നൽകുന്ന വീടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്വഭാവം വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോ എടുത്ത് പഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപ്പറേഷൻ അധികൃതർ എന്നിവർ ഒരു രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ് ഇപ്രകാരം യു/എ നമ്പർ നൽകുന്ന വീടുകൾ ഭാവിയിൽ തുടർ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ നടത്തുവാൻ പാടുള്ളൂ. യു/എ നമ്പർ നൽകി എന്ന കാരണത്താൽ ഈ കെട്ടിടങ്ങൾ അനധികൃതനിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമപരമായ നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികൾ ഉറപ്പാക്കേണ്ടതുമാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഹേമപ്രഭ.ഡി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ടൗൺ പ്ലാനർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പ്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ നടപടിയെടുക്കേണ്ടതാണ്.)

റവന്യൂവകുപ്പ്
ഊർജ്ജ വകുപ്പ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
ജലവിഭവ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകേണ്ടതാണ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.. യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

സെക്ഷൻ ഓഫീസർ